## “CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 18.09.2025

# സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസിന്റെ മിന്നൽ പരിശോധന:- കണക്കിൽപ്പെടാത്ത പണം പിടിച്ചു.

മലപ്പുറം മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിലെ ചില ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കായി സബ് രജിസ്ട്രാർ ഓഫീസിലെത്തുന്ന അപേക്ഷകരിൽ നിന്നും കൈക്കൂലിപ്പണം കൈപ്പറ്റുന്നതായി വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരിന്നു. സബ് രജിസ്ട്രാർ ഓഫീസിൽ ആധാരവും, മറ്റ് ഡോക്യുമെന്റുകളുടെയും പകർപ്പുകൾ ലഭിക്കുന്നതിന് സർക്കാർ ഫീസ് ഈടാക്കാതെ കൈക്കൂലി കൈപ്പറ്റി ഡോക്യുമെന്റുകൾ നേരിട്ട് നൽകുന്നതായും, ആധാരം എഴുത്തുകാരിൽ നിന്നും ഗൂഗിൾ-പേ വഴിയും മറ്റും കൈക്കൂലി കൈപ്പറ്റുന്നതായും വിവരം ലഭിച്ചിരിന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (18.09.2025) മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിൽ ഒരു മിന്നൽ പരിശോധന നടത്തി. വൈകുന്നേരം 06.00 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന 07.00 മണിക്ക് അവസാനിച്ചു. മിന്നൽ പരിശോധനയിൽ മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാറുടെ കൈയ്യിൽ നിന്നും കണക്കിൽപ്പെടാത്ത 14,000/- രൂപയും, ഓഫീസ് അറ്റന്റന്റിന്റെ കൈയ്യിൽ നിന്നും കണക്കിൽപ്പെടാത്ത 4,000/- രൂപയും ഉൾപ്പടെ 18,000/- രൂപ വിജിലൻസ് സംഘം പിടിച്ചെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.